# SREE PADMANABHA SWAMY TEMPLE

**MATHILAKAM OFFICE, NORTH NADA, FORT, THIRUVANANTHAPURAM – 695023**
**Phone: 0471 2450233, 2450031 ; Fax: 0471 2450233**
**Website: www.spst.in; E-mail: eospsttvpm@gmail.com**


ഫയൽ നം എ.5. /2024/ എസ്.പി.എസ്.ററി/3363 06.03.2024

## തടി റീപ്പർ വിൽപ്പനയ്ക്കുള്ള ക്വട്ടേഷൻ നോട്ടീസ്

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ വിളക്കു മാടപ്പുരയിലെ എണ്ണ വിളക്കുകൾക്കു പകരം റീപ്പറിൽ ഹോൾഡർ പതിപ്പിച്ച് ലൈററ് കത്തിച്ചിരുന്ന പഴയ തടി റീപ്പർ ഫ്രെയിമുകൾ (പ്ലാസ്റ്ററിക്ക് ഹോൾഡറുകൾ സഹിതം) ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നു. ക്വട്ടേഷൻ സമർപ്പിക്കാൻ താത്പര്യമുള്ളവർ ക്ഷേത്രത്തിന്റെ വടക്കേ ഗോപുരത്തിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത ഫ്രെയിമുകൾ രാവിലെ 10 മണിക്കും 12 മണിക്കും ഇടയ്ക്കുള്ള സമയത്ത് ക്ഷേത്ര ഇലക്ട്രീഷനുമായി ബന്ധപ്പെട്ട് പരിശോധിക്കാവുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ക്വട്ടേഷൻ ലഭിച്ചാൽ പണം ക്ഷേത്രത്തിലേയ്ക്ക് ഒടുക്കി സ്വന്തം ചിലവിൽ മേൽപ്പടി തടി റീപ്പർ ഫ്രെയിമുകൾ ക്ഷേത്രത്തിൽ നിന്നും മാറേറണ്ടതാണ്. ആയത് എല്ലാം കണക്കിലെടുത്ത് വേണം ക്വട്ടേഷൻ സമർപ്പിക്കുവാൻ.

താല്പര്യമുള്ളവർ ടി. വസ്തുക്കൾ പരിശോധിച്ച് തങ്ങളുടെ ക്വട്ടേഷൻ നികുതി ഉൾപ്പെടെയുള്ള വില ക്വാട്ട് ചെയ്ത് 16.03.2024 വൈകുന്നേരം 3.30 മണിക്ക് മുമ്പ് ക്ഷേത്രത്തിന്റെ വടക്കേനടയിലുള്ള ഓഫീസിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരിൽ അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ 4.00 മണിക്ക് തുറന്നു പരിശോധിക്കുന്നതും ഏററവും കൂടിയ തുക ക്വാട്ട് ചെയ്തിട്ടുള്ളവരുടെ ക്വട്ടേഷൻ സ്വീകരിക്കുന്നതുമായിരിക്കും.

**ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്ത് "തടിറീപ്പർ ഫ്രെയിമുകൾക്കായുള്ളക്വട്ടേഷൻ" എന്നു രേഖ പെടുത്തിയിരിക്കണം**

എക്സിക്യുട്ടീവ് ഓഫീസർ
ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം

പകർപ്പ് : നാല് നടകളിലെ നോട്ടീസ് ബോർഡുകളും, വെബ്സൈററ്